LIBRARY ARCHIVES Kerala Legislative Assembly

മെഡിസെപ് പദ്ധതി

56(322) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പ്രഖ്യാപിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്-ന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷുറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. പിന്നീട് അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal-ൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (Writ Petition) ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷുറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർനടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി പ്രഖ്യാപനം കഴിഞ്ഞ് രണ്ട് വർഷമായിട്ടും പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ പോയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ54/2017/ധന. പ്രകാരം അനുമതിനൽകി ഉത്തരവായിട്ടുള്ള മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി) നമ്പർ87/2019/ധന. സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി.-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിരുന്നു. തുടർന്ന് 15-7-2019-ലെ സ.ഉ. (പി)നമ്പർ87/2019/ധന. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/ സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യരംഗത്തെ വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് പുതുക്കിയ Request For Proposal 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടറിൽ പങ്കെടുത്ത അഞ്ച് ഇൻഷുറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. എന്നാൽ ആർ.എഫ്.പി.-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഇൻഷുറൻസ് കമ്പനികളെ പൊതുതാല്പര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണെന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 15-10-2020-ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി. റദ്ദാക്കുകയും ചെയ്തതിനാൽ പദ്ധതി സമയബന്ധിതമായി നടപ്പിലായില്ല. പിന്നീട് അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 22-1-2021-ൽ പുതുക്കി പ്രസിദ്ധീകരിച്ച Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷുറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർ നടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ മെഡിസെപ് പദ്ധതിക്ക് വന്നിട്ടുള്ള കാലതാമസം പരിഹരിച്ച് പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതി പുനരാരംഭിച്ചതിന്റെ ഭാഗമായി പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷുറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. പിന്നീട് അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal-ൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (Writ Petition) ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. തുടർന്ന് ടി വിധിക്കെതിരെ റിലയൻസ് കമ്പനി ഫയൽ ചെയ്ത അപ്പീലിനെതിരെ നിയമ നടപടി സ്വീകരിച്ചുവരുന്നു.

2011-2016 കാലയളവിലെ ക്ഷേമ പെൻഷനുകൾ

57(323) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ വിവിധ ക്ഷേമ പെൻഷനുകൾക്കായി ചെലവഴിച്ച തുക, എത്ര പേർക്ക് നൽകി എന്നിവയുടെ വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2014 മുതൽ വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വിവിധതരം ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?